ടിയെന്നോണം സെക്രട്ടേറിയറ്റിൽ ഒരു പുതിയ വകുപ്പ് ഒരു സെക്രട്ടറിയുടെ മുഴുവൻ ചുമതലയിൽ ഏർപ്പെടുത്തി, അഴിമതിനിവാരണത്തിനു വേണ്ട ഊർജ്ജിതമായ നടപടികളും എടുത്തുവരുന്നു.

സ്റ്റോറ് ഇൻഷ്വറൻസ് സ്കീം.

* 280. [42] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റോറ് ഇൻഷ്വറൻസ് സ്കീം കൂടുതൽ കാര്യക്ഷമമാക്കുന്നതിനു് ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനകം ആകെ എത്ര രൂപയുടെ പാളിസി ചെലവായിട്ടുണ്ടു്;

(സി) പ്രതിവർഷം എത്ര രൂപയുടെ വരവുണ്ടു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കാര്യക്ഷമതയ്ക്കു് കുറവില്ല. കൂടുതൽ വിപുലമാക്കുന്നതിനു് ഉദ്ദേശിക്കുന്നുണ്ടു്.

(ബി) 6 കോടി 71 ലക്ഷം രൂപയുടെ പാളിസി ചെലവായിട്ടുണ്ടു്.

(സി) 38 ലക്ഷം രൂപ.

കൈത്തറി വ്യവസായ സഹകരണ സംഘങ്ങൾ.

* 281. [43] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി വ്യവസായ സഹകരണ സംഘങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനുവേണ്ടി ഗവണ്മെൻറ് എന്തെല്ലാം ആനുകൂല്യങ്ങളാണു് ചെയ്യുന്നതു്;

(ബി) 1955 മേയ് 1-ാംതീയതി നെയ്യാറ്റിൻകര കൂടിയ കൈത്തറി നെയ്ത്തു സഹകരണ സംഘപ്രതിനിധിസമ്മേളനത്തിലെ തീരുമാനങ്ങൾ ഗവണ്മെൻറിന്റെ മുൻപിൽ സമർപ്പിച്ചിട്ടുണ്ടോ;

(സി) എന്തെല്ലാം ആവശ്യങ്ങളാണു് ആ സമ്മേളനം ഉന്നയിച്ചിരുന്നതു്; ഗവണ്മെൻറ് അതിന്മേൽ എന്തു തീരുമാനം ചെയ്തു?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കൈത്തറി വ്യവസായസഹകരണസംഘങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനുവേണ്ടി ഗവണ്മെൻറിൽനിന്നും അഖില ഭാരത ഹാൻഡ്ലൂം ബോർഡിന്റെ നിർദ്ദേശാനുസരണമുള്ള ആനുകൂല്യങ്ങളും ചെയ്യുന്നുണ്ടു്. † വിവരങ്ങളടങ്ങിയ സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വയ്ക്കുന്നു.

(ബി) ഉണ്ടു്.

(സി) ആ സമ്മേളനം ഉന്നയിച്ചിരുന്ന ആവശ്യങ്ങളും അതിന്മേൽ ഗവണ്മെൻറ് സ്വീകരിച്ച നടപടികളും ഉൾക്കൊള്ളുന്ന സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വയ്ക്കുന്നു.

† Please see Appendix VII.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX V

[Please see answer to Question No. *281 (43)]

കൈത്തറിവ്യവസായ സഹകരണസംഘങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനുവേണ്ടി ഗവണ്മെൻറ് ചെയ്യുന്ന ആനുകൂല്യങ്ങൾ.

1. നെയ്ത്തുതൊഴിലാളികളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിനുവേണ്ടി ഓരോ മെമ്പർക്കും രണ്ടുകൊല്ലത്തെ കാലാവധിക്കു് പലിശകൂടാതെ 15 രൂപാവീതം ഓഹരിമൂലധനമായ് പയായി നൽകുന്നു.

2. സംഘാംഗങ്ങളിൽ നെയ്ത്തുകാരായിട്ടുള്ളവർക്കുവേണ്ടി അവരുടെ പ്രവർത്തനമൂലധനത്തിനായി ഓരോ തറിക്കും 40 രൂപാവീതം അഞ്ചുകൊല്ലത്തെ കാലാവധിക്കു് പലിശകൂടാതെയുള്ള വായ്പ സംഘങ്ങൾക്കു നൽകുന്നു. ഈ തുക ഇപ്പോൾ 100 രൂപയായി വർദ്ധിപ്പിച്ചിരിക്കുന്നു.

3. സംഘാംഗങ്ങളുടെ എറിഞ്ഞുനെയ്ത്തുതറികളെ അടിച്ചു് നെയ്ത്തുതറികളായി മാറ്റുന്നതിനു് ഒരു മെമ്പർക്കു് 25 രൂപവീതം സൗജന്യമായി നൽകുന്നുണ്ടു്.

4. കൈത്തറിത്തുണി വ്യാപാരം ചെയ്യുന്ന സംഘങ്ങൾക്കു് രണ്ടു രൂപായ്ക്കുമേലുള്ള വിൽപ്പനത്തുകയ്ക്കു് രൂപയ്ക്കു് ഒന്നര അണവീതം റിബേറായി നൽകുന്നുണ്ടു്.

5. കൈത്തറിത്തുണികൾ വിറ്റഴിക്കുന്നതിനുവേണ്ടി കേന്ദ്രസംഘങ്ങൾക്കു് ഡിപ്പോ ഗ്രാൻറ് കൊടുക്കുന്നുണ്ടു്.

6. കൈത്തറികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനു നെയ്ത്തുപകരണങ്ങൾ നൽകുന്നതിനും തുണിത്തരങ്ങൾ സ്റ്റാൻഡേർഡ് അനുസരിച്ചു് നെയ്യുന്നതിനും പ്രോത്സാഹനം നൽകുന്നു.

7. കൈത്തറിത്തുണികളിൽ അഭിനിവേശം ഉണ്ടാക്കുന്നതിനുവേണ്ടി പത്രങ്ങൾ, സിനിമാസ്ലൈഡുകൾ, വാരാഘോഷങ്ങൾ മുതലായവവഴി പ്രചരണം നടത്തുന്നു. വാരാഘോഷത്തിനു് ഓരോ സംഘത്തിനും ഗ്രാൻറ് നൽകിയിട്ടുള്ളതിനുപുറമേ ഈ കാലത്തു നടന്നിട്ടുള്ള വിൽപ്പനയ്ക്കു് അരയണ സ്പെഷ്യൽ റിബേറ് ഉൾപ്പെടെ രണ്ടണ റിബേറനുവദിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(43 C) കൈത്തറിനെയ്ത്ത സഹകരണസംഘപ്രതിനിധി സമ്മേളനം ഉന്നയിച്ച ആവശ്യങ്ങളും ഗവണ്മെൻറ് സ്വീകരിച്ച നടപടിയും

ആവശ്യങ്ങൾ	നടപടി
1. സംഘങ്ങളുടെ മരണച്ചെലവിനുവേണ്ടി 1000 രൂപ വീതം ഗ്രാൻറ് നൽകുക.	ഈ വിഷയം ഇൻഡ്യാഗവണ്മെൻറിൻറെ പരിഗണനയിൽ ഇരിക്കുകയാണ്.
2. 100 രൂപാവീതം പ്രവർത്തനമൂലധനമായി നെയ്ത്തുകാർക്ക് കിട്ടുന്നതിന് ആവശ്യമായ ഭേദഗതികൾ വരുത്തുക.	ഈ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ ഗവണ്മെൻറ് സ്വീകരിച്ചുകഴിഞ്ഞു.
3. പാവു നൂൽകോട്ട് ഒരു കലണ്ടറിംഗ് ബ്ലീച്ചിംഗ് പ്ലാൻറ് ഉടനെ സ്ഥാപിക്കുക.	കലണ്ടറിംഗ് ബ്ലീച്ചിംഗ് പ്ലാൻറ് സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ നടത്തിവരുന്നു.
4. കഴിത്തറികളെ ഷട്ടിൽതറികളായി മാറ്റുന്നതിനുള്ള ഗ്രാൻറ് 25 രൂപയിൽനിന്ന് 55 രൂപയായി വർദ്ധിപ്പിക്കുക.	സെസ് ഫണ്ടിൽനിന്ന് കൊടുക്കുന്ന ഗ്രാൻറ് 25 രൂപയായി കുറച്ചുപ്പെടുത്തിയിരിക്കുന്നു. ഈ തുക വർദ്ധിപ്പിക്കാൻ ഇപ്പോൾ അനുവാദമില്ല. ഇതിനുവേണ്ട നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.
5. റിബേറകൾ കാലതാമസംകൂടാതെ സംഘങ്ങൾക്ക് വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.	ഇതിനുവേണ്ട നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.
6. മറ്റു സംസ്ഥാനങ്ങൾക്ക് അനുവദിച്ചിട്ടുള്ളതും ഈ സംസ്ഥാനത്തിന് ലഭിച്ചിട്ടില്ലാത്തതുമായ ഗ്രാൻറുകൾ അനുവദിക്കുന്നതിന് ശ്രമിക്കുക.	ഈ കാര്യങ്ങൾ സ്റ്റേറഹാൻഡ്ലൂം അഡൈവസറി ബോർഡിൻറെ ആലോചനയിൽ ഇരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(എ) മോഡൽ വീവിംഗ്സെൻറർ സ്ഥാപിക്കുക.	ഈ കാര്യം പരിഗണനയിൽ ഇരിക്കുന്നു.
(ബി) ഡൈഹൌസ് സ്ഥാപിക്കുക.	രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
(സി) ഡിഫെസെൻറകൾക്ക് ഗ്രാൻറ് അനുവദിക്കുക.	ഇപ്പോൾ അനുവദമില്ല.
(ഡി) സ്റ്റാൻഡർഡൈസേഷനും ക്വാളിറ്റി കൺ ട്രോളും നടപ്പിൽ വരുത്തണം.	നടപ്പിൽ വരുത്തിയിട്ടുണ്ട്.
(ഈ) നൂലിൻെറ ട്രാൻസ്പോർട്ടിംഗ് ചെലവിനു സബ്സിഡി അനുവദിക്കുക.	ഇപ്പോൾ അനുവാദമില്ല.
(എഫ്) കൈത്തറി നെയ്ത്തുസംഘങ്ങളുടെ വകയായി സ്പിന്നിംഗ്മിൽ സ്ഥാപിക്കുക.	രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
(ജി) ആവശ്യമായ പ്രചരണം നടത്തുകയും സംസ്ഥാനത്തിനകത്തും പുറത്തും ഡിപ്പോകൾ സ്ഥാപിക്കുകയും ചെയ്യുക.	പ്രചരണം നടത്തുന്നുണ്ട്. ഡിപ്പോകൾ സ്ഥാപിക്കുന്നതിനു കേന്ദ്രസംഘങ്ങൾക്ക് അനുവാദം നൽകിയിട്ടുണ്ട്.
(എച്ച്) ഫൈബർ, യാൺ മുതലായവ ഉപയോഗിച്ചു നെയ്യുന്ന തരം തറികൾക്ക് വർക്കിംഗ് ക്യാപ്പിറ്റലും ഗ്രാൻറും കൂടുതൽ അനുവദിക്കുക.	ഗവണ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുന്നു.
(ഐ) കുടിൽ വ്യവസായമായി നടത്തിവരുന്ന ഡൈയിംഗ്, പ്രിൻറിംഗ് സ്ഥാപനങ്ങൾക്ക് ഗ്രാൻറ് നൽകണം.	ഗവണ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യങ്ങൾ	നടപടി
7. കൈത്തറിസംഘങ്ങളെ രജിസ്ട്രേഷൻ സ്റ്റാമ്പുഡ്യൂട്ടി യിൽനിന്നു് ഒഴിവാക്കുക.	ഗവണ്മെൻറ്റിന്റെ ആലോചനയിൽ ഇരിക്കുന്നു
8. കൈത്തറിസംഘങ്ങളെ ടേണോവർ ഡ്യൂട്ടി യിൽ നിന്നും ഒഴിവാക്കുക.	ടേണോവർഡ്യൂട്ടി എന്നു് വിവക്ഷിച്ചിരിക്കുന്നതു് ഏതിനെ സംബന്ധിച്ചാണെന്നു് വ്യക്തമാകുന്നില്ല. ആഡിറഫീസിനെ സംബന്ധിച്ചാണെങ്കിൽ ടേണോവർ കണക്കാക്കിയാണു് ആഡിറഫീസു് നിശ്ചയിക്കുന്നതു്. അതിൽനിന്നും സംഘത്തെ ഒഴിവാക്കുന്നതിനു് നിയമതടസ്സമുണ്ടു്.
9. നെയ്ത്തൊഴിലാളികൾക്കു് കാളനൈസേഷൻ പദ്ധതിയനുസരിച്ചു് വീടുകൾ നിർമ്മിച്ചുകൊടുക്കുക.	പരിഗണനയിൽ ഇരിക്കുന്നു.
10. ജായിൻറവ്യവസായ ഡയറക്ടറേറ്റിൽ കൈത്തറിവ്യവസായസഹകരണ സംഘങ്ങളെ സംബന്ധിച്ചിടത്തോളം രജിസ്ട്രാരുടെ അധികാരങ്ങൾ നൽകുക.	ഈ അധികാരം നൽകിക്കഴിഞ്ഞു.